# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 774 — 28.09.2011-ലെ മറുപടിക്ക്

## തലശ്ശേരി മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) തലശ്ശേരി മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡ് നിവാസികളുടെ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) | 8-ാം വാർഡിലെ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ 7-ാം വാർഡിലെ കുടിവെള്ള ക്ഷാമത്തെക്കുറിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയതിനെപ്പറ്റിയുള്ള വിവരം താഴെ കൊടുത്തിരിക്കുന്നു. |
| (ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ: | | നിവേദനത്തിൽ പറയുന്ന പദ്ധതി കേരള വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ളതല്ല. എം.പി ഫണ്ടിൽ പണികഴിപ്പിച്ച പദ്ധതി പഞ്ചായത്തിന്റെ അധീനതയിലുള്ളതാണ്. പരാതിയിൽ ടി പദ്ധതിയിൽ നിന്നും പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ സ്ഥാപിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.<br>കൂടാതെ എം.എൽ.എ ഫണ്ടിൽ നിന്നും 1.50 ലക്ഷം രൂപ ലഭ്യമാക്കി ഇതിന് പരിഹാരം ഉണ്ടാക്കി തരണമെന്നാണ് പരാതിയിൽ ബഹു.എം.എൽ.എ-യോട് ആവശ്യപ്പെട്ടിരുന്നത്. |

| | | |
|---|---|---|
| സി) | ഈ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾ , എന്നത്തേക്ക് | (സി) പഞ്ചായത്തിന്റെ അധീനതയിലും പരിപാലനത്തിലും ഉളള പദ്ധതി ആയതിനാൽ പഞ്ചായത്തിന്റെ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സാധിക്കുകയുളളൂ. ആയതിനാൽ വിശദമായ സർവ്വേ നടത്തി റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ